## ഭരണഭാഷ-മാതൃഭാഷ

ഹയർ സെക്കന്ററി ഡയറക്ടറുടെ
കാര്യാലയം ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം

എഡി.ബി2/15277/എച്ച്.എസ്.ഇ/2016

തീയതി : 15/03/2017

# സർക്കുലർ

വിഷയം :- ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പ് - ഡിപ്പാർട്ട്മെന്റൽ അദ്ധ്യാപകരുടെ തസ്തികമാറ്റനിയമനം - നിലവിലുള്ള എച്ച്.എസ്.എസ്.ടി (ജൂനിയർ) അദ്ധ്യാപകരും അപേക്ഷിക്കുന്നതു സംബന്ധിച്ച്

സൂചന :- ഈ ഓഫീസിലെ 04/03/2017 ലെ ഇതേ നമ്പർ സർക്കുലർ.

സൂചനയിലെ സർക്കുലറിനു തുടർച്ചയായി **തസ്തികമാറ്റം മുഖേന എച്ച്.എസ്.എസ്.ടി (ജൂനിയർ) ആയി ഇപ്പോൾ ജോലി ചെയ്യുന്ന ഗവ.ഹയർസെക്കന്ററി സ്കൂളിലെ അദ്ധ്യാപകർക്കും ഡിപ്പാർട്ട്മെന്റൽ അദ്ധ്യാപകരുടെ തസ്തികമാറ്റ നിയമനത്തിനായി മാറ്റിവച്ചിട്ടുള്ള എച്ച്.എസ്.എസ്.ടി** യുടെ ഒഴിവുകളിലേക്ക് ഓൺലൈൻ മുഖേന അപേക്ഷിക്കാവുന്നതാണ്. ഈ അദ്ധ്യാപകരുടെ എച്ച്.എസ്.എ/ യു.പി.എസ്.എ/ എൽ.പി.എസ്.എ യിലെ വിശദാംശങ്ങളാണ് നിലവിലുള്ള സോഫ്റ്റ്‌വെയറിൽ Enter ചെയ്യേണ്ടത്. ഡയറക്ടറേറ്റിലേക്ക് അയക്കുന്ന അപേക്ഷയിൽ 'Present Post' എച്ച്.എസ്.എസ്.ടി (ജൂനിയർ) എന്നും അപേക്ഷയുടെ മുകളിൽ now working as HSST (Jr) എന്നും ചുവന്ന മഷിയിൽ എഴുതണം. എച്ച്.എസ്.എസ്.ടി (ജൂനിയർ) ആയി നിയമനം ലഭിച്ച നിയമന ഉത്തരവിന്റെ നമ്പറും തീയതിയും ജോയിൻ ചെയ്ത തീയതിയും ഇതോടൊപ്പം എഴുതേണ്ടതാണ്. പ്രസ്തുത നിയമന ഉത്തരവിന്റെ കോപ്പി അപേക്ഷയോടൊപ്പം വയ്ക്കേണ്ടതാണ്. തന്നിരിക്കുന്ന വിവരങ്ങൾ തെറ്റാണെന്നു ബോദ്ധ്യപ്പെടുന്ന പക്ഷം അപേക്ഷ നിരസിക്കുന്നതാണ്.

വിശ്വസ്തതയോടെ,

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ.
ഡയറക്ടർക്കുവേണ്ടി